**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 602** **02-02-2023 - ൽ മറുപടിയ്ക്ക്**

**കെൽപാം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | കഴിഞ്ഞ ഒരു വർഷമായി കെൽപാം-ൽ ഒരു സ്ഥിരം എം.ഡി.യെ നിയമിക്കാതെ താൽക്കാലിക ചാർജ്ജ് നൽകിയിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അടിയന്തരമായി എം. ഡി. യെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (എ) | ഉണ്ട്. സ്ഥിരം എം.ഡിയെ നിയമിയ്ക്കുന്നതിന് എം.ഡിയുടെ യോഗ്യത നിശ്ചയിച്ച് നൽകിയിട്ടുണ്ട്. ദി കേരള പബ്ലിക് എന്റർപ്രൈസസ് സെലക്ഷൻ & റിക്രൂട്ട്മെന്റ് ബോർഡ് നിലവിൽ വരുന്നതോടെ എം.ഡി നിയമനം നടത്തുന്നതാണ്. |
| (ബി) | 2021 നവംബർ മുതൽ നാളിതുവരെയായി കെൽപാമിലെ തൊഴിലാളികളുടെ ശമ്പളത്തിൽ നിന്നും പിടിക്കുന്ന തുക പി.എഫ്. -ൽ ലയിപ്പിക്കാത്തത് എന്തു കൊണ്ടാണെന്നും ഈ തുക ഏത് ഫണ്ടിലേക്കാണ് വക മാറ്റിയിരിക്കുന്നതെന്നും വ്യക്തമാക്കുമോ; കെൽപാമിൽ നിന്നും പിരിഞ്ഞു പോയ മുഴുവൻ ജീവനക്കാർക്കും പി.എഫ്. തുക കൈമാറിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ എന്ത് കൊണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | പുതിയ എം.ഡി ചാർജ്ജ് എടുത്ത ശേഷം ട്രഷറി പേയ്മെന്റ് നടപടി ക്രമങ്ങൾ അപ്ഡേറ്റ് ചെയ്യുന്ന നടപടികൾ പുരോഗമിയ്ക്കുന്നു. ഇത് പൂർത്തിയായാൽ പി.എഫുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിയ്ക്കുന്നതാണ്. |
| (സി) | ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ (എൻ.ബി.സി.എഫ്.ഡി.സി.) കെൽപാം-ന് 2%, 3% എന്നീ പലിശ നിരക്കിൽ ലോൺ നൽകിയ ഒരു കോടി നാല്പതു ലക്ഷം രൂപ കെൽപാം പന കയറ്റ് , മറ്റ് പന അനുബന്ധ തൊഴിൽ ചെയ്യുന്നവർക്കായി വായ്പ നൽകുകയും എന്നാൽ പ്രസ്തുത വായ്പ എടുത്തവരിൽ നിന്നും 12% പലിശയും 15% പിഴ പലിശയും ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിന് എൻ.ബി.സി.എഫ്.ഡി.സി. കെൽപാമിന് രേഖാമൂലം അനുമതി നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ ; | (സി) | എൻ.ബി.സി.എഫ്.ഡി.സി വായ്പ എടുത്തവരിൽ നിന്നും 6% പലിശയും 15% പിഴപ്പലിശയും ആണ് ഈടാക്കുന്നത്. മുൻമാനേജ്മെന്റിന്റെ കാല ങ്ങളിൽ പലിശ ഈടാക്കിയ രീതിയിൽ ആണ് ഇപ്പോഴും പലിശ കണക്കാക്കുന്നത്. |
| (ഡി) | കരാർ എടുത്ത സെക്യൂരിറ്റി ജീവനക്കാർക്ക് വേണ്ടി സെക്യൂരിറ്റി ഓഫീസ് കെട്ടിയത് ഏത് ഫണ്ടിൽ നിന്നുമാണെന്ന് വ്യക്തമാക്കുമോ; ആരുടെ | (ഡി) | സ്ഥാപനത്തിൽ ലഭ്യമായ ഫണ്ടിൽ നിന്നാണ് സെക്യൂരിറ്റി ഓഫീസ് നിർമ്മിച്ചിട്ടുള്ളത്. സ്ഥാപനങ്ങൾക്ക് സെക്യൂരിറ്റി സംവിധാനം |

| | | | |
|---|---|---|---|
| | ഉത്തരവ് പ്രകാരം ആണ് നിർമ്മാണം നടന്നതെന്നും അറിയിക്കുമോ; | | ആവശ്യമാണ്. അവർക്ക് ദീർഘനേരം ഗാർഡ് ഡ്യൂട്ടി ചെയ്യേണ്ടതിനാലാണ് അവർക്ക് ഗേറ്റിന് സമീപം സൗകര്യം ഏർപ്പെടുത്തിയത്. |
| (ഇ) | 2022 സെപ്റ്റംബർ മുതൽ നാളിതുവരെ കെൽപാം ചെയർമാൻ ഇന്ധന അലവൻസായി എത്ര രൂപ കൈപ്പറ്റിയെന്നും 2022 ഏപ്രിൽ മാസം മുതൽ കെൽപാമിൽ നടന്ന നിയമനങ്ങൾ ഏതൊക്കെയെന്നും നിയമനം നല്കിയവർക്ക് ഏത് ഉത്തരവ് പ്രകാരമാണ് ശമ്പളം നൽകി വരുന്നതെന്നും അറിയിക്കുമോ; | (ഇ) | ഓഫീസ് ആവശ്യത്തിനും ചെയർമാന്റെ ഓദ്യോഗിക ആവശ്യത്തിനുമായി ഉപയോഗിക്കുന്ന വാഹനത്തിന് കെൽപാമിൽ നിന്നും വാഹനത്തിൽ ഇന്ധനം നിറച്ച നല്കുകയാണ് ചെയ്യുന്നത്. ഈ വാഹനത്തിന് ഇന്ധനത്തിനായി പ്രസ്തുത കാലയളവിൽ ചെലവഴിച്ചത് 84,999/- രൂപയാണ്. 2022 ഏപ്രിൽ മുതൽ കെൽപാമിൽ നടന്ന താത്കാലിക ദിവസ വേതന നിയമനങ്ങൾ ബോർഡ് തീരുമാനങ്ങൾക്കു അനുസൃതമായി താഴെ പറയും പ്രകാരമാണ്. പ്ലാന്റ് എഞ്ചിനീയർ-2, കെമിസ്റ്റ്/ മൈക്രോ ബയോ ളജിസ്റ്റ്-1, അക്കൗണ്ട്സ് അസ്സിസ്റ്റന്റ്-1, ഡ്രൈവർ -1 . |
| (എഫ്) | പണി പൂർത്തിയാകാത്ത പാലക്കാട് കല്ലേപ്പുള്ളി കെൽപാം റൈസ് മില്ലിൽ രണ്ട്പ്ലാന്റ് എൻജിനീയർമാരെ നിയമിച്ചിരിക്കുന്നതിന്റെ കാരണമെന്താണെന്നും ഈ നിയമനങ്ങൾ പട്ടികജാതി വകുപ്പിന്റെ അനുമതിയോടെ ആണോയെന്നും വ്യക്തമാക്കുമോ; ഒരു അക്കൗണ്ട്സ് ഓഫീസറും രണ്ട് അസിസ്റ്റന്റുമാരും കെൽപാമിൽ ശമ്പളം കൈപ്പറ്റി ജോലി ചെയ്തിട്ടും എന്ത് കൊണ്ട് നാളിതുവരെ ഓഡിറ്റിംഗിന് ആവശ്യമായ രേഖകൾ കൈമാറിയിട്ടില്ല എന്ന് വ്യക്തമാക്കുമോ; | (എഫ്) | പാലക്കാട് കല്ലേപ്പുള്ളിയിൽ നിർമാണത്തി ലിരിക്കുന്ന മോഡേൺ റൈസ്സ് മില്ലിലേക്ക് പ്ലാന്റ് എഞ്ചിനീയർമാരെ നിയമിച്ചിട്ടില്ല. 2016 മുതൽ 2019 വരെയുള്ള സാമ്പത്തിക വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കി രേഖകൾ എ.ജിയ്ക്ക സമർപ്പിച്ചിട്ടുള്ളതാണ്. അവസാന മൂന്ന വർഷത്തെ ഓഡിറ്റ് പൂർത്തിയാക്കാനുള്ള പ്രവർത്തനങ്ങൾ നടന്നു കൊണ്ടിരിക്കുകയാണ്. |
| (ജി) | കെൽപാമിൽ ഉപയോഗിക്കുന്ന റോട്ടറി ഫില്ലിംഗ് മെഷീന്റെ നിർമ്മാതാക്കൾ ആൻഫാർമ പ്രൈവറ്റ് ലിമിറ്റഡിന്റെ സർവ്വീസ് കരാർ നിലനിൽക്കെ താൽക്കാലിക എം.ഡി. യുടെ സുഹൃത്തിന് മെഷിൻ പരിശോധിക്കാൻ ഫ്ലൈറ്റ് ടിക്കറ്റ്, വി.ഐ. പി. താമസം, ഭക്ഷണം എന്നിവയ്ക്കായി എത്ര രൂപ കെൽപാം ചെലവഴിച്ചെന്നും ടിയാളുടെ ഇടനിലയിൽ പുതിയ മെഷീൻ വാങ്ങാൻ നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ? | (ജി) | ആൻഫാർമ പ്രൈവറ്റ് ലിമിറ്റഡിൽ നിന്നും കെൽപാം 2019ൽ ഏകദേശം 23 ലക്ഷം രൂപ നൽകി വാങ്ങിയ റോട്ടറി ഫില്ലിംഗ് മെഷീൻ നിലവിൽ സോഡ ഫില്ലിംഗിനു മാത്രം പ്രാപ്തമായതാണ്. പ്രസ്തുത മെഷീൻ കാർബണേറ്റഡ് സോഫ്റ്റ് ഡ്രിങ്ക് ഫില്ലിങ്ങിനായി ഉപയോഗിക്കുമ്പോൾ പ്രൊഡക്ഷൻ, ക്വാളിറ്റി, മെയിന്റനൻസ് സംബന്ധമായ നിരവധി പ്രശ്നങ്ങൾ നിരന്തരമായി ഉണ്ടാകുന്നു. ഇത് മൂലം സാമ്പത്തികമായ നഷ്ടം സംഭവിക്കുകയാണ്. ഈ മെഷീനിൽ ഉണ്ടാകുന്ന ഫോമിംഗ് മൂലം ഉൽപ്പന്നങ്ങൾ ഉപയോഗശൂന്യമാകുകയും ഉപഭോക്താക്കളിൽ നിന്നും തുടർച്ചയായി പരാതികൾ ഉയർന്നു വരികയും ചെയ്യുന്നു. മെഷീൻ ഇൻസ്റ്റലേഷൻ നടത്തിയ സമയം മുതൽ ആൻഫാർമ പ്രൈവറ്റ് ലിമിറ്റഡ് നിരവധി തവണ സർവീസ് ചെയ്തിട്ടും പ്രശ്നം പരിഹരിക്കാൻ |

| | | | |
|---|---|---|---|
| | | | കഴിഞ്ഞിട്ടില്ല. ഈ സാഹചര്യത്തിൽ വിദഗ്ധ അഭിപ്രായം അറിയുന്നതിന് വേണ്ടി രാജ് ഇന്നോടെക്ക് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തെ ചുമതലപ്പെടുത്തുകയും വിഷയം പരിശോധിച്ച് റിപ്പോർട്ട് നൽകാൻ നിർദേശിക്കുകയും ചെയ്തിരുന്നു. ഈ സ്ഥാപനത്തിലെ ഉദ്യോഗസ്ഥൻ കെൽപാം സന്ദർശിക്കുകയും റിപ്പോർട്ട് നൽകുകയും ചെയ്തു. 18374/-രൂപയാണ് ഇതിനു വേണ്ടി ചെലവാക്കിയത്. ഇതിന് ബോർഡിന്റെ അനുമതിയുണ്ട്. |

സെക്ഷൻ ഓഫീസർ